ഏഴാം പദ്ധതിക്കാലത്തുണ്ടാകുന്ന ഭീമമായ നോൺപ്ലാൻ കമ്മി, ഓവർ ഡ്രാഫ്റ്റിനെതിരെ കേന്ദ്രം സ്വീകരിച്ച കർശനമായ നിലപാട് എന്നീ പ്രതികൂല സാഹചര്യങ്ങളുടെ പത്മവ്യൂഹത്തിലകപ്പെട്ടുനിന്ന സാമ്പത്തിക സ്ഥിതിയുടെ ചിത്രമാണ് ഞാൻ ഈ സഭ മുൻപാകെ അവതരിപ്പിച്ചത്.

72. നമ്മേക്കാൾ സമ്പന്നരായ സംസ്ഥാനങ്ങളെപ്പോലും നിർവീര്യരാക്കാൻപോന്ന അത്തരമൊരു ചുറ്റുപാടിലും, ആത്മവിശ്വാസം കൈവിടാതെ വികസനപ്രവർത്തനങ്ങളുടെ വേഗത അൽപ്പവും കുറയ്ക്കാതെ മുന്നോട്ടുപോകുമെന്ന വാഗ്ദാനവും നാം നൽകിയിരുന്നു. ആ വാഗ്ദാനം പൂർണ്ണമായിത്തന്നെ നിറവേറ്റുവാൻ ഗവൺമെൻറിനു കഴിഞ്ഞു എന്ന് ബഹുമാന്യരായ സഭാംഗങ്ങളെ അറിയിക്കുവാൻ എനിക്ക് സീമാതീതമായ അഭിമാനമുണ്ട്. അതോടൊപ്പം ആ വാഗ്ദാന സാഫല്യത്തിനു പിന്നിലുള്ള തീവ്രമായ യത്നത്തിന്റെ ഒരു ലഘു വിവരണം സഭയ്ക്കു നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1984-85-ലെ പുരോഗതി, കണക്കുകൾ :

73. 1984-85 അവസാനം 297 കോടി രൂപ കമ്മിയുണ്ടാകുമെന്ന് കേന്ദ്രത്തിലെയും നമ്മുടെയും ഉദ്യോഗസ്ഥൻമാർ കണക്കാക്കിയിരുന്നെങ്കിലും 92 കോടി രൂപയുടെ കുറവ് കമ്മിയിൽ വരുത്തുവാൻ കഴിഞ്ഞുവെന്ന് നേരത്തെ വ്യക്തമാക്കിയല്ലോ. വികസനച്ചെലവോ മറ്റേതെങ്കിലും പ്രധാനപ്പെട്ട ബാദ്ധ്യതകളോ ഒഴിവാക്കിയല്ല ഇതു ചെയ്തത്. ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി എന്നതു ശരിയാണ്. പക്ഷേ, പ്രധാന ചെലവിനങ്ങളെയെല്ലാം ആ നിയന്ത്രണങ്ങളിൽനിന്ന് ഒഴിവാക്കിയിരുന്നു. 1984-85-ലെ വാർഷിക പദ്ധതിച്ചെലവും പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചതിനേക്കാൾ 56 കോടി രൂപ അധികമായിരുന്നു. അങ്ങനെ വാർഷിക പദ്ധതിയിലോ അതുപോലെ സുപ്രധാന ചെലവിനങ്ങളിലോ യാതൊരു കുറവും വരുത്താതെയാണ് കഴിഞ്ഞവർഷത്തെ കമ്മിയിൽ 92 കോടി രൂപയുടെ കുറവു വരുത്തിയത്.

1985-86-ലെ ബാദ്ധ്യതകൾ, പ്രശ്നങ്ങൾ :

74. ഏഴാം പദ്ധതിയുടെ ആദ്യവർഷമായ 1985-86-ലെ പദ്ധതി പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച സമയത്ത് ആറാം പദ്ധതി കമ്മിയെപ്പറ്റി ഒരു ധാരണയുണ്ടായി. കമ്മിയിലെ ഓവർ ഡ്രാഫ്റ്റ് സംഖ്യയായ 175 കോടി രൂപയുടെ 10 ശതമാനം വരുന്ന 17½ കോടി രൂപ നാം 1985-86-ൽ റിസർവ് ബാങ്കിന് തിരിച്ചടയ്ക്കണമെന്നും ; ബാക്കിതുക ഏഴാം പദ്ധതിക്കാലത്തുതന്നെ വാർഷിക തവണകളായി അടച്ചുതീർത്താൽ മതി എന്നുമായിരുന്നു ആ ധാരണ. നമ്മേപ്പോലെ 1984-85-ൽ കമ്മിയുണ്ടായിരുന്ന എല്ലാ സംസ്ഥാനങ്ങളോടും ഈ സമീപനം തന്നെയാണ് പ്ലാനിംഗ് കമ്മീഷൻ സ്വീകരിച്ചത്. അങ്ങനെ ഈ വർഷത്തെ പദ്ധതി നിർവഹണം തുടങ്ങിയപ്പോൾ 372.5 കോടി രൂപ കണ്ടെത്തുക എന്ന ഉത്തരവാദിത്വം നാം ഏറ്റെടുത്തു—അതായത് കേന്ദ്ര സഹായവും കടം എടുപ്പുംപ്പെട്ടെയുള്ള നമ്മുടെ വിഭവ രൂപീകരണവും ചേർത്ത് 355 കോടി രൂപയുടെ പദ്ധതി നടപ്പാക്കുകയും റിസർവ് ബാങ്കിന് 17½ കോടി രൂപ തിരിച്ചടയ്ക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്വം. എന്നാൽ പദ്ധതി അംഗീകരിച്ചതിനു ശേഷം കേന്ദ്ര ഗവൺമെൻറ് ഇക്കാര്യത്തിൽ പ്രധാനപ്പെട്ട ഒരു മാറ്റം വരുത്തി. ആറാം പദ്ധതിയുടെ അവസാനമുള്ള ഓവർ ഡ്രാഫ്റ്റ് ഏഴാം പദ്ധതിക്കാലത്ത് തവണകളായി അടച്ചുതീർത്താൽമതി എന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

പകരം ആ ഓവർ ഡ്രാഫ്റ്റ് 1985-86-ൽത്തന്നെ മുഴുവനായി അടച്ചു തീർക്കണമെന്നും 1985 ഒക്ടോബർ മുതൽ സംസ്ഥാനങ്ങൾക്ക് ഓവർ ഡ്രാഫ്റ്റ് അനുവദിക്കുകയില്ലെന്നും കേന്ദ്രം വ്യക്തമാക്കി. ആറാം പദ്ധതിക്കാലത്തെ ഓവർഡ്രാഫ്റ്റ് അടച്ചുതീർക്കുവാൻ ഒരു മദ്ധ്യകാല വായ്പയും കേന്ദ്രം അനുവദിച്ചു. 1985 ജനുവരി 28-ാം തീയതിയിലെ ഓവർഡ്രാഫ്റ്റിന്റെ 90 ശതമാനം വരുന്ന തുകകളാണ് മദ്ധ്യകാല വായ്പകളായി സംസ്ഥാനങ്ങൾക്ക് അനുവദിച്ചത്. നമുക്കു ലഭിച്ച വായ്പ 241.86 കോടി രൂപയായിരുന്നു.

75. കേന്ദ്രം അംഗീകരിച്ച പുതുക്കിയ ഈ നയം നമുക്കു സഹായകരമായി. ഇതിനു പ്രധാന കാരണം 1984-85-ൽ നമ്മുടെ സാമ്പത്തിക നിലയിൽ വന്ന അഭിവൃദ്ധിയാണ്. 1985 ജനുവരി 28-ാം തീയതി നമ്മുടെ കമ്മി 269 കോടി രൂപ ഓവർഡ്രാഫ്റ്റും 30 കോടി രൂപ വെയ്സ് ആൻറ് മീൻസ് അഡ്വാൻസും ഉൾപ്പെടെ 299 കോടി രൂപയായിരുന്നു. 1985 മാർച്ച് 31 ആയപ്പോഴേക്കും നമ്മുടെ ശ്രമഫലമായി ഓവർഡ്രാഫ്റ്റും വെയ്സ് ആൻറ് മീൻസ് അഡ്വാൻസും ഉൾപ്പെടെ റിസർവ് ബാങ്കിലേക്ക് അടയ്ക്കേണ്ട കടം 205 കോടി രൂപയായി കുറഞ്ഞു. മദ്ധ്യകാല വായ്പയായി നമുക്കു കിട്ടിയ 242 കോടി രൂപയിൽനിന്ന് 205 കോടി രൂപ റിസർവ്വ് ബാങ്കിന് അടച്ചശേഷം 37 കോടി രൂപ ബാക്കിവന്നു.

76. പക്ഷേ ഈ തുകയേക്കാൾ വളരെക്കൂടിയ അധികബാദ്ധ്യതകളാണ് ഈ വർഷത്തെ ബഡ്ജറ്റ് അവതരണത്തിനുശേഷം നമുക്കു ഏറ്റെടുക്കേണ്ടിവന്നത്. കൂടാതെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ഇലക്ട്രിസിറ്റി ബോർഡ് മുതലായവ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നു നികുതിയായും പലിശയായും ഗവൺമെൻറിനു ലഭിക്കേണ്ട തുക ഗണ്യമായി കുറയുകയും ചെയ്തു. അധികച്ചെലവ് ഏറ്റെടുക്കേണ്ടിവന്ന പ്രധാനമായ ചിലയിനങ്ങൾ മാത്രം ഞാൻ ചൂണ്ടിക്കാണിക്കട്ടെ.

77. ഈ വർഷത്തെ പദ്ധതിച്ചെലവിൽ പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച 355 കോടി രൂപയെക്കാൾ 16 കോടി രൂപ അധികം ചെലവാകുന്നതാണ്. ഏറ്റവും പ്രധാനപ്പെട്ട അധികച്ചെലവിനം ഇതാണ്. വെള്ളപ്പൊക്ക കെടുതികൾക്കുള്ള ആശ്വാസ നടപടികൾക്കായി കേന്ദ്രം ഉദാരമായ സഹായമാണ് ഇക്കൊല്ലം നമുക്ക് നൽകിയത്. മാത്രമല്ല, സാധാരണനിലയിൽ ആശ്വാസ നടപടികൾക്കുള്ള ചെലവിന്റെ 75 ശതമാനം മാത്രമേ കേന്ദ്ര സഹായമായി നൽകുകയുള്ളൂ എന്ന നിബന്ധനയിൽ ചില പ്രത്യേക സഹചര്യങ്ങളിൽ മാറ്റം വരുത്താമെന്ന ധനകാര്യ കമ്മീഷന്റെ ശുപാർശ നമ്മുടെ കാര്യത്തിൽ നടപ്പാക്കണമെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശം കേന്ദ്രം അംഗീകരിക്കുകയും ചെയ്തു. അതിന്റെ ഫലമായി ആശ്വാസ നടപടിക്കുള്ള ചെലവിന്റെ 88 ശതമാനം കേന്ദ്ര സഹായമായി അനുവദിച്ചുകിട്ടി. എങ്കിലും ബാക്കിയുള്ള 12 ശതമാനം ചെലവും നാം തന്നെ വഹിക്കേണ്ടിവന്നു. ഇതിനുമാത്രം 14 കോടി രൂപ അധിക ബാദ്ധ്യതയുണ്ടായി.

78. ശമ്പളപരിഷ്ക്കരണത്തിനാവശ്യമായി വന്ന തുക ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നില്ലെങ്കിലും പദ്ധതി അംഗീകരിച്ച സമയത്ത് അതിനുള്ള വിഹിതം മാറ്റിവച്ചിരുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ അധികച്ചെലവ് നേരിടേണ്ടിവന്നില്ല. എന്നാൽ പെൻഷൻകാർക്ക് നേരത്തേ അനുവദിച്ചിരുന്ന വർദ്ധന 1979 ഏപ്രിൽ മുതൽ നൽകണമെന്ന കോടതി ഉത്തരവ് നടപ്പിലാക്കുവാൻ ഈ വർഷം 7 കോടി രൂപ അധികമായി ചെലവുവന്നു.

LIBRARY ARCHIVES Kerala Legislative Assembly

79. പാഠപുസ്തകങ്ങൾ തയ്യാറാക്കുവാൻ കടലാസ് വാങ്ങിയ ഇനത്തിൽ 3 കോടി രൂപ അധികം ചെലവായി. നാവിക അക്കാഡമിയുടെ സ്ഥലമെടുക്കുന്നതിന് കൂടുതലായി 5 കോടി രൂപ വേണ്ടിവന്നു. കശുവണ്ടി കോർപ്പറേഷന് ഈ വർഷം നൽകിയ പ്രത്യേക കടമായ 3 കോടി രൂപ പ്രതീക്ഷിച്ചതുപോലെ ഈ വർഷം തന്നെ തിരിച്ചടയ്ക്കുവാൻ അവർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് ആ ഇനത്തിൽ 3 കോടി രൂപ ഈ വർഷത്തെ അധിക ബാദ്ധ്യതയായിത്തീർന്നു. അതുപോലെ 2 കോടി രൂപ 'കാപ്പക്സി'നു നൽകിയതും തിരിച്ചുകിട്ടാത്തതുകാരണം ഈ വർഷത്തെ അധികചെലവായി മാറി. എൻ.ആർ.ഇ.പി. പദ്ധതിക്ക് കൂടുതൽ കേന്ദ്രസഹായം വാങ്ങുവാൻ വേണ്ടി ബഡ്ജറിൽ വകകൊള്ളിച്ചിരുന്ന നമ്മുടെ വിഹിതത്തിൽ 2.60 കോടി രൂപയുടെ വർദ്ധനവ് വരുത്തി. തൊഴിലില്ലായ്മ വേതനത്തിന് 2 കോടി രൂപയും കർഷകത്തൊഴിലാളി പെൻഷന് ഒരു കോടി രൂപയും ബഡ്ജറിൽ വകകൊള്ളിച്ചിരുന്നതിൽ കൂടുതലായി നൽകി. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ലഭിക്കേണ്ടിയിരുന്ന നികുതി, പലിശ ഇനങ്ങളിൽ വന്ന കുറവ് 30 കോടി രൂപയാണ്. അങ്ങനെ ഈ പ്രധാനയിനങ്ങളിൽ മാത്രമായി 85 കോടി രൂപയിൽ കവിഞ്ഞ ഒരു തുക ബഡ്ജറിൽ വിഭാവന ചെയ്യാത്ത അധിക ബാദ്ധ്യതയായി ഗവൺമെൻറ് ഏറ്റെടുക്കേണ്ടിവന്നു. ചെലവ് ചുരുക്കൽ ഉത്തരവുകളൊന്നും ഈ വർഷം പുറപ്പെടുവിക്കാതെയിരുന്നതുകൊണ്ട് സാധാരണ ചെലവിനങ്ങളിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് നേരിടേണ്ടിവന്ന കൂടുതൽ ചെലവ് ഈ തുകയിൽ ഉൾപ്പെടുന്നില്ല. ഈ പശ്ചാത്തലത്തിൽ, മദ്ധ്യകാല വായ്പയിൽനിന്നു കിട്ടിയ 242 കോടി രൂപയിലെ താൽക്കാലിക മിച്ചമായ 37 കോടി രൂപ തട്ടിക്കിഴിച്ച ശേഷവും ഏതാണ്ട് 48 കോടി രൂപയുടെ കമ്മിയെങ്കിലും ഈ വർഷാവസാനം ഉണ്ടായേക്കാമെന്ന സ്ഥിതിയാണ് ഇതുമൂലം നമുക്ക് നേരിടേണ്ടിവന്നത്.

80. കേന്ദ്ര ഗവൺമെൻറ് സംസ്ഥാനങ്ങളുടെ ഓവർ ഡ്രാഫ്റ്റ് നിറുത്തിയ സാഹചര്യത്തിൽ കമ്മി പൂർണ്ണമായി ഒഴിവാക്കുക മാത്രമല്ല ചില പ്രത്യേക സന്ദർഭങ്ങളിൽ പെട്ടെന്നുണ്ടാകുന്ന ആവശ്യങ്ങൾക്കുവേണ്ടി ഒരു മിച്ചം കരുതി വയ്ക്കുകകൂടി ചെയ്യേണ്ടതുണ്ട്. ഉദാഹരണത്തിന് നമ്മെ സംബന്ധിച്ചിടത്തോളം ഓണം, ബക്രീദ്, ക്രിസ്തുമസ് കാലങ്ങൾ ഗവൺമെൻറിൽ നിന്നു കൂടുതൽ പണം ചെലവാകുന്ന സമയങ്ങളാണ്. വർഷം മൊത്തമായി എടുത്താൽ കമ്മിയില്ലാതിരുന്നാൽപ്പോലും ഇത്തരം സന്ദർഭങ്ങളിൽ ഓവർ ഡ്രാഫ്റ്റുണ്ടാകും. ഏഴു ദിവസത്തിൽ കൂടുതൽ ഓവർഡ്രാഫ്റ്റ് തുടർന്നാൽ നമ്മുടെ ബില്ലുകളും ചെക്കുകളും റിസർവ് ബാങ്കിൻെറ നിർദ്ദേശപ്രകാരം തടഞ്ഞുവയ്ക്കും. ഗവൺമെൻറിൻെറ പ്രവർത്തനം സ്തംഭിക്കുക എന്നതാണ് ഇതിൻെറ ഫലം. മേൽപ്പറഞ്ഞ 48 കോടി കമ്മിയുമായി മുന്നോട്ടുപോയാൽ ഇത്തരം ഒരു പ്രതിസന്ധിയിലായിരിക്കും ഗവൺമെൻറ് ചെന്നെത്തുകയെന്ന് വ്യക്തമായിരുന്നു.

1986-87-ലെ പദ്ധതി ചർച്ചകൾ

81. അതോടൊപ്പം മറെറാരു പ്രശ്നവും നമ്മെ നേരിട്ടു. അടുത്ത വർഷത്തെ പദ്ധതിക്കുവേണ്ട പണം കണ്ടെത്തുക എന്നത്. ഏറെവും വലിയ വൈഷമ്യം എട്ടാം ധനകാര്യക്കമ്മീഷൻെറ ശുപാർശകളുടെ ഫലമായുണ്ടായ കമ്മി നേരിടുക എന്നതായിരുന്നു. കേരളത്തിന് പ്രതികൂലമായ ശുപാർശകളാണ് എട്ടാം ധനകാര്യക്കമ്മീഷൻ രൂപപ്പെടുത്തിയതെന്ന കാര്യം കഴിഞ്ഞ ബഡ്ജറ് പ്രസംഗത്തിൽ വസ്തുതകളും കണക്കുകളും ഉദ്ധരിച്ച് വ്യക്തമാക്കിയിരുന്നത് ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുമല്ലോ. നോൺ-പ്ലാൻ ഇനത്തിൽ 351 കോടി രൂപയുടെ കമ്മിയാണ് 1986-87-ൽ ഉണ്ടാകും എന്ന്

LIBRARY ARCHIVES Kerala Legislative Assembly